Saleena V.M
MEC

My M.E

കലാഗ്രാമം ഹാന്റിക്രാഫ്റ്റ് യൂണിറ്റ്
തരിയോട് പഞ്ചായത്ത്.

2014-ൽ യുവശ്രീ സ്കീമിൽ ആരംഭിച്ച യൂണിറ്റാണ് ഇത്. 5 അംഗങ്ങൾ ആണ് ഇതിൽ ഉള്ളത്. തരിയോട് പഞ്ചായത്തിലെ പാറത്തോട് എന്ന സ്ഥലത്ത് ആരംഭിച്ച ഈ ഹാന്റിക്രാഫ്റ്റ് യൂണിറ്റ് ഇപ്പോൾ കാലിക്കുന്ന് എന്ന സ്ഥലത്ത് ഒരു അംഗത്തിന്റെ വീടിനോട് ചേർന്നാണ് നടത്തുന്നത്.

ഈ സംരംഭം ആരംഭിച്ചത് തരിയോട് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് 1,00,000 രൂപ ലോൺ എടുത്താണ്. ഇതിൽ 50000 രൂപ കുടുംബശ്രീ സബ്സിഡിയാണ് 10,000 രൂപ ഗുണഭോക്തൃവിഹിതം അടക്കം പ്രൊജക്ട് തുക Rs 110000/- രൂപയാണ്.

കുടുംബശ്രീയുടെ GOT, EDP, Skill ട്രെയിനിങ് ലഭിച്ച യൂണിറ്റാണ് ഇത്.

ആരംഭത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ഈ യൂണിറ്റ് ഇപ്പോൾ പ്രവർത്തനം [illegible] മന്ദഗതിയിലാണ്. ഇപ്പോൾ ഈ ഗ്രൂപ്പിൽ 2 പേർ കൂടി ചേർന്ന് 7 പേർ നിലവിൽ ഉണ്ട്. ഗ്രൂപ്പിന് നേതൃത്വം കൊടുത്തിരുന്ന വ്യക്തി മറ്റൊരു തൊഴിൽ ചെയ്യുന്നതുമൂലം ലീഡ് ചെയ്യാൻ ആളില്ലാത്തതാണ് പ്രശ്നമായത്.